

# മഞ്ചാടി

കിഴുത്തള്ളി ഈസ്റ്റ് യു പി സ്കൂൾ

ഒന്ന് , രണ്ട് ക്ലാസുകൾ

# ആമുഖം

2023-24 അധ്യയനവർഷത്തിൽ ഒന്നും രണ്ടും ക്ലാസിലെ കുട്ടികളുടെ ഭാഷാനൈപുണി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഒരു നൂതന പ്രവർത്തനമാണ് സംയുക്ത ഡയറി.കുട്ടികൾ കണ്ടതും അനുഭവിച്ചതുമായ കാര്യങ്ങൾ അവർ ചിത്രങ്ങളായും ചെറുവാക്യങ്ങളായും കുറിച്ചിടുന്നു. കിഴുത്തളി ഈസ്റ്റ് യുപി സ്കൂളിലെ 1,2 ക്ലാസുകളിലെ കുട്ടികളുടെ തിരഞ്ഞെടുക്കപ്പെട്ട ചില ഡയറിക്കുറിപ്പുകൾ നിങ്ങൾക്കായി സമർപ്പിക്കുന്നു

# ആശംസ

കുഞ്ഞു മനസ്സുകളിലെ അനുഭവങ്ങൾ വാക്യങ്ങളായും ചിത്രങ്ങളായും പരിണമിക്കുന്ന ഒന്നാണ് സംയുക്ത ഡയറി. പരമ്പരാഗത ഡയറി എഴുത്തിൽ നിന്നും വ്യത്യസ്തമായ ഈ രീതി ഏറെ സ്വാഗതാർഹമാണ്.വർണ്ണശബളമായ ഈ സൃഷ്ടികൾക്ക് എന്റെ എല്ലാവിധ ആശംസകളും.

ഡയറിക്കുറിപ്പുകൾ എഴുതാൻ കുട്ടികളെ പ്രാപ്തരാക്കിയ അധ്യാപകർ രക്ഷിതാക്കൾ എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.



ശ്രീജ പി. വി

ഹെഡ്മിസ്ട്രസ്

കുട്ടികൾക്ക് വളരെയധികം താൽപര്യം നിറഞ്ഞതും പുതുമയുള്ളതുമായ ഒരു പ്രവർത്തനമാണ് സംയുക്ത ഡയറി. തുടക്കത്തിൽ കുട്ടിയും രക്ഷിതാവും കൂടി എഴുതിയ ഡയറിക്കുറിപ്പുകൾ ഒരു അധ്യായനവർഷത്തിന്റെ പാതി പിന്നിടുമ്പോഴേക്കും കുട്ടികൾ സ്വയം എഴുതുന്ന രീതിയിലേക്ക് മാറിയിരിക്കുന്നു.

ഈ ഡയറിക്കുറിപ്പുകൾ തയ്യാറാക്കിയ ഒന്നും രണ്ടും ക്ലാസുകളിലെ കൊച്ചുമിടുക്കന്മാർക്കും മിടുക്കികൾക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ ആശംസകൾ

സ്മേര എം. എസ്
ഒന്നാം ക്ലാസ് അധ്യാപിക

അഷ്നാസ് കണ്ണൻ
രണ്ടാം ക്ലാസ് അധ്യാപിക